പി.28-09-2016
ജെ.എം.-ബി.സി.-1
9.40-9.50

<u>മി. സ്പീക്കർ</u>: പ്രതിപക്ഷേനേതാവ് ഏത് റൂൾ പ്രകാരമാണ് സംസാരിക്കുന്നത്? പ്ലീസ്...പ്ലീസ്.....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ്സുകാരെ മുഖ്യമന്ത്രി അപമാനിച്ചു. കേരളത്തിൽ യൂത്ത് നടത്തിയ സമരപോരാട്ടങ്ങളെ അപമാനിക്കുന്ന നടപടി അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: പ്രതിപക്ഷനേതാവേ, സഭ നടത്തിക്കൊണ്ടുപോകാൻ ചില ചട്ടങ്ങളുണ്ടെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണ്. ദയവായി സഹകരിക്കണം. പ്രതിപക്ഷം നല്കിയ.... അങ്ങ് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് സംസാരിക്കുന്നത്; സഭ നടത്തിക്കൊണ്ടുപോകാൻ നമുക്ക് ചട്ടങ്ങളില്ലേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് എന്തിനാണ് ബഹളം ഉണ്ടാക്കുന്നത്. ഞാനൊന്നുപറയട്ടെ.

<u>മി. സ്പീക്കർ</u>: ഏത് ചട്ടപ്രകാരമാണ് അങ്ങ് സംസാരിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് സമാധാനമായി കേൾക്കണം. ഞാനൊരു കാര്യം പറയുകയല്ലേ; അങ്ങ് അവരെ നിയന്ത്രിക്കേണ്ടതല്ലേ; ഇങ്ങനെയാണോ ചെയ്യേണ്ടത്; ഇങ്ങനെയാണോ കാര്യങ്ങൾ സംസാരിക്കുന്നത്?

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് അതേ വിഷയത്തെ സംബന്ധിച്ച് പ്രതിപക്ഷനേതാവിന് ആദ്യം പ്രസംഗിച്ച് തുടങ്ങാൻ പറ്റുമോ;

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുകൊണ്ട് ഈ സ്വാശ്രയ കൊള്ള അനുവദിക്കാൻ നിവൃത്തിയില്ല. സർക്കാർ ചെയ്യുന്ന തെറ്റായ നടപടികൾ അവസാനിപ്പിക്കണം. വിദ്യാർത്ഥി വേട്ട അവസാനിപ്പിക്കണം. ഇന്നലെ സമരം നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ നടന്ന ഗ്രനേഡാക്രമണം, ലാത്തിചാർജ്ജ്, കെ.പി.സി.സി. പ്രസിഡന്റ് ഇരിക്കുന്ന സ്ഥലത്ത് ഗ്രനേഡ് എറിഞ്ഞു. എത്രയാളുകൾക്കാണ് ബുദ്ധിമുട്ടുണ്ടായത്; എത്രപേർ ആശുപത്രിയിൽ പോയി; എത്രയാളുകൾ ആശുപത്രിയിൽ ഉണ്ട്. കേരളമൊട്ടാകെ നരനായാട്ട് നടക്കുകയാണ്. ഈ നരനായാട്ടിനെതിരായി..... ( ബഹളം).......

മി. സ്പീക്കർ: മന്ത്രിക്ക് സംസാരിക്കാനുണ്ട്. സംസാരിക്കു....മന്ത്രിക്ക് എന്താണ്

പറയാനുള്ളത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദാക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയാണ് ചട്ടപ്രകാരം ബഹുമാനപ്പെട്ട സ്പീക്കർ റൂൾ 50 പ്രകാരം വിളിക്കേണ്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഏത് ചട്ടപ്രകാരമാണ് ഇവിടെ സംസാരിച്ചത്. ആ പ്രസംഗിച്ചതൊന്നും ഇവിടെ റിക്കോർഡിൽ ഉണ്ടാകാൻ പാടില്ല. അത് റിക്കോർഡിൽ നിന്നും ഒഴിവാക്കണം. ചട്ടപ്രകാരം അല്ല ഇവിടെ ചർച്ച ആരംഭിച്ചത്. അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയാണ് ബഹുമാനപ്പെട്ട സ്പീക്കർ വിളിക്കേണ്ടത്.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ഇത് എന്താണ്; അങ്ങയുടെ സംസാരത്തിനിടയിൽ ആണല്ലോ

ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരിക്കുന്നത്; ഇത് എന്താണ്; ഇവിടെ എന്താണ് നടക്കുന്നത്?.......(ബഹളം).........

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതുകൊണ്ട് ശ്രീ. ഹൈബി ഈഡൻ, ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. അനൂപ് ജേക്കബ് എന്നിവർ നിരാഹാരസമരം കിടക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന് ഞാൻ നിങ്ങളെ അറിയിച്ചിരിക്കുകയാണ്. അവരോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ.എം. ഷാജി എന്നിവർ സത്യാഗ്രഹം ഇരിക്കുന്നുണ്ട്. ഈ സമരം അടിച്ചമർത്താമെന്ന് കരുതേണ്ട എന്നാണ് എനിക്ക് പറയാനുള്ളത്. പോലീസിനെ ഉപയോഗിച്ചുകൊണ്ട് തെറ്റായ നടപടിയാണ് ഈ സർക്കാർ കൈക്കൊള്ളുന്നത്. സർക്കാർ നയം തിരുത്തണം. ഈ സംസ്ഥാനത്തെ പാവപ്പെട്ട വിദ്യാർത്ഥികളുടെ ജീവനെ പന്താടുന്ന ഈ നടപടി അവസാനിപ്പിക്കണം. സർക്കാരിന്റെ ധിക്കാരമാണിത്. സർക്കാരിന്റെ ധിക്കാരമായ നടപടികൾ, സർക്കാരിന്റെ തെറ്റായ നടപടികൾ അവസാനിപ്പിക്കണം. ഈ സംസ്ഥാനത്ത് പാവപ്പെട്ട ഒരു വിദ്യാർത്ഥിക്കുപോലും പഠിക്കാൻ അവസരമില്ലാതെ സ്വാശ്രയം.......(ബഹളം).......

മി. സ്പീക്കർ: അദ്ദേഹം പറയുന്നത് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ നടുത്തളത്തിലിരിക്കാൻ പാടില്ല. രണ്ടും കൂടി നടക്കില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, സർക്കാരിന്റെ നടപടിക്കെതിരായിട്ടുള്ള ശക്തമായ പോരാട്ടങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകും. ഇതിനുമുമ്പ് ഇവിടെ സ്വാശ്രയ സമരം നടത്തിയ ആളുകളുണ്ടല്ലോ; അവർ എവിടെപ്പോയി;

മി. സ്പീക്കർ: യെസ്....യെസ്.....ഈ സാഹചര്യത്തിൽ സഭ നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിനുമുമ്പ് ഇവിടെ സ്വാശ്രയ സമരം നടത്തിയ ആളുകൾ എന്താണ് മിണ്ടാത്തത്?

മി. സ്പീക്കർ: ബഹുമാന്യനായ പ്രതിപക്ഷനേതാവ് ക്ഷമിക്കണം. അങ്ങയുടെ അനുയായികൾ നടുത്തളത്തിൽ വന്നിരിക്കുകയാണ്. രണ്ടും കൂടി ഒരുമിച്ച് നടക്കില്ല. യെസ്...യെസ്...സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യം വന്നിരിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഒരു സാഹചര്യവും ഇവിടെയില്ല. ഇവിടെ ഡിമാന്റിന്റെ ചർച്ച നടക്കും. ഇവിടെ എന്താണ് അസാധാരണ സാഹചര്യം; അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെയാണ് വിളിക്കേണ്ടത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കണം.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുന്നുണ്ടോ? റൂൾ 50 പ്രകാരം നോട്ടീസ് നൽകിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾക്ക് സംസാരിക്കണമെന്നുണ്ടോ; അങ്ങയോടാണ് ചോദിക്കുന്നത്; ഇത് രണ്ടും കൂടി നടക്കില്ല. നടുത്തളത്തിൽ ഇരിക്കുന്നതും പ്രസംഗവും കൂടി നടക്കില്ല. ദയവായി ക്ഷമിക്കുക. ഞാൻ അടുത്ത നടപടി ക്രമത്തിലേക്ക് പോകും. യെസ്...യെസ്.... നടുത്തളത്തിൽ ഇറങ്ങി ഇരിക്കലും പ്രസംഗവും ഒരുമിച്ച് നടക്കില്ല. ദയവായി ക്ഷമിക്കണം. ഇവർ സീറ്റിലേക്ക് പോകട്ടെ. ഇവർ ഇവിടെ ഇരുന്നിട്ട് അങ്ങേയ്ക്ക് സംസാരിക്കാൻ പറ്റില്ല. ക്ഷമിക്കണം. അത് അനുവദനീയമല്ല. നിങ്ങൾ

സീറ്റിലേക്ക് പോകൂ. പ്രതിപക്ഷ നേതാവിന് ഉച്ചഭാഷിണി കൊടുക്കണമെന്നുപറഞ്ഞാണ് ഇത്രയും നേരം ബഹളം വച്ചത്. അദ്ദേഹത്തിന് മൈക്ക് കൊടുത്തപ്പോൾ നിങ്ങൾ ഇവിടെ വന്നിരിക്കുകയാണ്. യെസ്...യെസ്...

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കേരളത്തിന്റെ ചരിത്രത്തിൽ അങ്ങനെ ഇല്ല. നടുത്തളത്തിൽ ഇറങ്ങിയാൽ മൈക്ക് കൊടുക്കില്ല.........(ബഹളം)........

<u>മി. സ്പീക്കർ</u>: അതുതന്നെയാണ് ഞാനും പറഞ്ഞത്. യെസ്.....യെസ്....സീറ്റിലേക്ക് തിരിച്ചുപോകുന്നുണ്ടോ? അടുത്ത നടപടി ക്രമങ്ങളിലേക്ക് പോകേണ്ടി വരും. ചെയറിന് വേറെ നിർവ്വാഹമില്ല. അടുത്ത നടപടിക്രമത്തിലേക്ക് പോകേണ്ടിവരും. ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് ബഹളം തുടർന്നുകൊണ്ടിരുന്നു.)

(മേശപ്പുറത്ത് വച്ച കടലാസ്സുകൾ)

പി.28-09-2016
ജെ.എം.-ബി.സി.-1
9.40-9.50

## III. <u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>

<u>ചട്ടം 47(2) പ്രകാരം</u>

1. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 1643, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1809 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 3771-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. ജലവിഭവകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 5505, 5509, പന്ത്രണ്ടാം സമ്മേളനത്തിലെ 4485, പതിമൂന്നാം സമ്മേളനത്തിലെ 845, പതിനാറാം സമ്മേളനത്തിലെ 2435, 2466 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2394, പതിനാലാം കേരളനിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 643 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(ധനകാര്യം)

പി.28-09-2016

ജെ.എം.-ബി.സി.-1
9.40-9.50

## IV. ധനകാര്യം

## 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17 | | | | | | | | |
|---|---|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 195,59,91,000 | .. | 146,69,95,000 | .. | 244,49,92,000 | ... | 244,49,92,000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| III | നീതിന്യായ നിർവ്വഹണം | 195,18,84,000 | .. | 146,47,88,000 | .. | 244,24,81,000 | .. | 244,24,81,000 |

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: കട്ട്മോഷനുകൾ അവതരിപ്പിച്ചിട്ടില്ല. അതുകൊണ്ട് ചർച്ചയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ധനാഭ്യർത്ഥനകൾ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ,..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 സെപ്റ്റംബർ മാസം 29-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 09.50-ന് പിരിഞ്ഞു.)

**********